അദ്ധ്യായം നൂറ്റി ഏഴ്

# അൽ മാഊൻ (പരോപകാര വസ്തു)

അവതരണം മക്കയിൽ, വചനങ്ങൾ 7

**അദ്ധ്യായ പരിചയം:**
പ്രവാചകൻെറ മദീനാജീവിതഘട്ടത്തിലാണ് ഈ അദ്ധ്യായം അവതരിച്ചത്. രണ്ട് വിഭാഗത്തെ അദ്ധ്യായം പരിചയെപ്പടുത്തുന്നു. ഒന്ന്, അനാഥകളോട് നല്ല രീതിയിൽ പെരുമാറുകയും അഗതിക്ക് ഭക്ഷണം കൊടുക്കുകയും ചെയ്യാത്ത പരലോകനിഷേധി. രണ്ട്, നമസ്കാരത്തോട് നിഷ്ഠ പുലർത്തുകയും അത് കൃത്യമായി അനുഷ്ഠിക്കുകയും ചെയ്യാത്തവൻ. ഈ രണ്ട് വിഭാഗത്തെയും ഉദ്ധരിച്ച് വിശ്വാസികളെ ഉൽബോധിപ്പിക്കുകയാണ് ഈ അദ്ധ്യായം ചെയ്യുന്നത്.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

أَرَءَيۡتَ ٱلَّذِي يُكَذِّبُ بِٱلدِّينِ ﴿١﴾ فَذَٰلِكَ ٱلَّذِي يَدُعُّ ٱلۡيَتِيمَ ﴿٢﴾ وَلَا يَحُضُّ عَلَىٰ طَعَامِ ٱلۡمِسۡكِينِ ﴿٣﴾ فَوَيۡلٞ لِّلۡمُصَلِّينَ ﴿٤﴾ ٱلَّذِينَ هُمۡ عَن صَلَاتِهِمۡ سَاهُونَ ﴿٥﴾ ٱلَّذِينَ هُمۡ يُرَآءُونَ ﴿٦﴾ وَيَمۡنَعُونَ ٱلۡمَاعُونَ ﴿٧﴾

**അർഥം:**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. ദീനിനെ(മതത്തെ) നിഷേധിക്കുന്നവനെ നീ കണ്ടുവോ?
2. അവൻ അനാഥയെ ആട്ടിയകറ്റുന്നവനാണ്;
3. അഗതിക്ക് ഭക്ഷണം കൊടുക്കാൻ പ്രേരിപ്പിക്കുന്നുമില്ല.
4. എന്നാൽ നമസ്കാരക്കാർക്ക് നാശം
5. തങ്ങളുടെ നമസ്കാരത്തെക്കുറിച്ച് അശ്രദ്ധരാണവർ.
6. അവർ ആളുകളെ കാണിക്കാൻവേണ്ടി ചെയ്യുകയാണത്.
7. നിസ്സാരമായ പരോപകാരംപോലും വിലക്കുന്നവരുമാകുന്നു.

## വിശദീകരണം

പരലോകത്തെ വിചാരണയെയും പ്രതിഫലത്തെയും അംഗീകരിക്കാത്തവരുടെ ദാർഷ്ട്യം നിറഞ്ഞ സ്വഭാവത്തെയും കാപട്യത്തെയും ചൂണ്ടിക്കാട്ടുകയാണിവിടെ.

ചില കാര്യങ്ങൾ മനുഷ്യരെ ബോധ്യപ്പെടുത്താൻ ആശ്ചര്യത്തോടെ കാര്യം തിരക്കുന്ന ശൈലിയും ഖുർആൻ സ്വീകരിച്ചതായി കാണാം. അതിലൊന്നത്രെ ഈ അദ്ധ്യായം. പ്രത്യേക സ്വഭാവമുള്ള ആളുകളെ ചൂണ്ടിക്കാണിക്കുവാനാണ് പ്രതിഫലദിനത്തെ കളവാക്കിയവനെ നീ കണ്ടുവോ എന്ന ചോദ്യത്തോടെ ഈ അദ്ധ്യായം തുടങ്ങിയത്. ശേഷമുള്ള വചനങ്ങളിൽ അവരുടെ സ്വഭാവം വിശദീകരിക്കുന്നു. അതായത് അവർ അനാഥയുടെ അവകാശങ്ങൾ നിഷേധിച്ചുകൊണ്ട് അവരോട് പരുഷമായി പെരുമാറുന്നവരും അഗതിക്ക് അന്നം നല്കുന്ന കാര്യത്തിൽ അമാന്തം കണിക്കുന്നവരും സമയനിഷ്ഠയോടെ നമസ്കാരം അനുഷ്ഠിക്കുന്നതിൽ മടിയന്മാരും അത് തന്നെ മറ്റുള്ളവരെ കാണിക്കാൻ അനുഷ്ഠിക്കുന്നവരും ചെറിയ ചെറിയ ഉപകരാങ്ങൾ പോലും അന്യർക്ക് തടയുന്നവരുമായിരിക്കും.

രണ്ടും മൂന്നും വചനങ്ങളിലൂടെ സൂചിപ്പിക്കുന്നത് സംസ്കാരശൂന്യമായ പ്രവണതകളായിരിക്കും അവരിൽനിന്നുണ്ടാവുകയെന്നാണ്. അനാഥയെ ആട്ടിയകറ്റുക, അഗതിക്ക് അന്നം കൊടുക്കാതിരിക്കുക പോലുള്ളവ മാത്രമാണ് വലിയ അപരാധം എന്നോ അതാണ് ദൈവികവ്യവസ്ഥിതിയുടെ അടിസ്ഥാനമെന്നോ പറയുകയല്ല ചെയ്യുന്നത്. പ്രത്യുത, അത്തരം ആളുകളിൽ ദുഷ്ടസ്വഭാവങ്ങളേ ഉണ്ടാകൂ എന്ന് കാണിക്കാനാണിത് പറഞ്ഞത്. സൽപ്രകൃതരായ ആരും ചെയ്യാത്ത കാര്യമാണല്ലോ അവ രണ്ടും.

താല്പര്യമില്ലാതെ ജനത്തെ കാണിക്കാൻ വേണ്ടി നടത്തുന്ന നമസ്കാരം യഥാർഥത്തിൽ അതിൻെറ ആളുകൾക്കുതന്നെ നാശമാണ് വരുത്തിവെക്കുന്നത്. ഇവിടെ നമസ്കാരത്തിൽ അശ്രദ്ധ എന്നല്ല പറഞ്ഞത്. നമസ്കാരത്തെ സംബന്ധിച്ച് അശ്രദ്ധ എന്നാണ് സൂചന. അതായത്, അതിൻെറ സമയവും അതിൻെറ നിബന്ധനകളും മറ്റും പാലിച്ചുകൊണ്ടുള്ള അനുഷ്ഠാനത്തിലുള്ള അശ്രദ്ധയാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. കപടവിശ്വാസികളാണ് അതുകൊണ്ടുദ്ദേശ്യം. അതും മറ്റുള്ളവർ താൻ നമസ്കാരക്കാരനാണ് എന്ന് കരുതുന്നതിനു വേണ്ടിയായിരിക്കും അതനുഷ്ഠിക്കുന്നത്.

അത്തരം ആളുകൾ ജനങ്ങൾക്ക് ചെറിയ തോതിലുള്ള ധർമമോ ഉപകാരമോ നല്കാൻ വിസമ്മിക്കുന്നവരായിരിക്കും. ഇത്തരക്കാർ ഫലത്തിൽ പരലോകനിഷേധികളാണ്.